(5) ഹാരിസൺ മലയാളം പ്ലാന്റേഷനിലെ അസിസ്റ്റന്റ് മാനേജരുടെ കൊലപാതകം

ശ്രീ. ജി. വരദൻ: സാർ, എന്റെയുടെയ മണ്ഡലത്തിലുള്ള ആനിചാൻ മലയാളം പ്ലാന്റേഷന്റെ ലാക്കാടു എസ്റ്റേറ്റ് മാമലയിലെ ഡിവിഷനിൽ ഇടുക്കകൂടിയ അസിസ്റ്റന്റ് മേനേജരായിരുന്ന കൈവശമിരുന്നു ഓരു ലക്ഷത്തി എൺപത്താറായിരം രൂപായ് കൊള്ളക്കാർ അവരെ വെട്ടി കൊലെ ചെയ്തു പണത്തെയും കൈവശപ്പെടുത്തിക് കൊണ്ടു പോയ് വിട്ടാർകൾ. ഹൈറേഞ്ചുചരിത്രത്തിൽ ഓരു മേനേജ്മെന്റ് തൊഴിലാളികളുക്കു കൊടുപ്പതുക്കായ വൈക്തിരുന്ത സംപള പണത്തെ കൊള്ളക്കാർകൾ കൊള്ളയടിത്തു പോവും മുതൽ തടവെ. ഇന്ത നിലൈ നീട്ടിക്കുമാനാൽ അങ്കേ മാനേജ്മേൺട് 20, 30കിലോമീറ്ററുക്കു അപ്പാൽ ഉൾള പേങ്കുകളിലിരുന്ത പണമെടുത്തു സെല്ലുമ്പോതു കൊള്ളൈ നിരന്തരമാക നടക്കും. ഇന്ത സങ്കാരിനുടെയ പലവീനക് കുറൈവിനാൽ ഇന്റു നാനുക്കുനാൾ കൊള്ളൈയും കൊലെയും പെരുക്കകൊണ്ടു വരുകിറതു. എനവേ ഉടനടിയാക ഇന്ത കൊലൈപ്പുള്ളികളൈ പോലീസ് അതികാരികൾ തേടിയിട്ടു കൈതു ചെയ്യ താമതം വന്താൽ ഇന്ത നിലൈ പല ഇടങ്കളിലിം പരവും എൻപതിനാൽ നമതു മുതലമൈച്ചർ അവർകൾ തയവു ചെയ്തു, ചട്ടപ്പടി നടവടിക്കൈകൾ എടുക്ക വേണ്ടുമെന്റു കേട്ടുക്കൊൾകിറേൻ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഹാരിസൺ മലയാളം പ്ലാന്റേഷൻ
10 a.m.] ലിമിറ്റഡിലെ അസിസ്റ്റന്റ് മാനേജർ ശ്രീ. നന്ദകുമാർ ഇന്നലെ ഉച്ചതിരിഞ്ഞ് അവരുടെ മാനുഷാ ഡിവിഷനിലെ തൊഴിലാളികൾക്ക് വേതനം കൊടുക്കുന്നതിനുവേണ്ടി പണവുമായിട്ട് മോട്ടോർ ബൈക്കിൽ പോവുകയായിരുന്നു. വഴിയിൽവച്ച് തടഞ്ഞ് അദ്ദേഹത്തെ മൂന്ന് വെട്ടുവെട്ടി കൊലപ്പെടുത്തിയിരിക്കുകയാണ്. ആ വിവരം കിട്ടിയ ഉടനെതന്നെ ഡി.എസ്.പി./ഡി.വൈ.എസ്.പി., സർക്കിൾ ഇൻസ്പെക്ടറും പാർട്ടിയും എല്ലാം സ്ഥലത്തെത്തി ക്യാമ്പ് ചെയ്യുന്നുണ്ട്. ഡി.ഐ.ജി. ഇന്നലെ രാത്രിയിൽ വേണ്ട സംവിധാനങ്ങളുമായിട്ട് അവിടെ എത്തിയിട്ടുണ്ട്. നേരത്തെ വിവരം കിട്ടിയ ആളുകളെ ഇതിൽ ബന്ധപ്പെട്ടിരിക്കാനാണ് ഇടയുള്ളത്. ശവം കൊണ്ടുപോകുന്ന വിവരം പെട്ടെന്നുണ്ടായ സംഭവമല്ല. ആ കാരണത്താൽ ഇതുസംബന്ധിച്ചുള്ള അന്വേഷണം വളരെ ത്വരിതഗതിയിൽ നടത്തുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(6) സണ്ണിയുടെ കൊലപാതകം

ശ്രീ. സി. ടി. കൃഷ്ണൻ: സർ, ജൂലായ് മാസം 14-ാം തീയതി അർദ്ധരാത്രി എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട കിഴക്കഞ്ചേരി പഞ്ചായത്തിൽ മംഗലം ഡാമിനു അടുത്ത് കരിങ്കയം എന്നു പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്ത് വി. ആർ.ടി. റബ്ബർ എസ്റ്റേറ്റിനു സമീപം സണ്ണി എന്നു പറയുന്ന 25 വയസ്സ് പ്രായമുള്ള ഒരാളുടെ വീട്ടിൽ അക്രമികൾ കയറിച്ചെന്ന് സണ്ണിയെ കുത്തിക്കൊലപ്പെടുത്തി. സണ്ണിയുടെ ഭാര്യ മേരി വെട്ടും കുത്തും ഏറ്റ് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിലാണ്. പോലീസ് ഇന്നുവരെ പ്രതികളെ പിടിക്കുന്നതിന് യാതൊരു നടപടിയും എടുത്തിട്ടില്ല. ആ മൃതദേഹത്തിനടുത്തേയ്ക്ക് ആരും ചെല്ലരുതെന്നും പോലീസ് നായ് വരുന്നു എന്നും പോലീസ് ഉദ്യോഗസ്ഥൻമാർ നേരത്തെ വിവരം കൊടുത്തു: പക്ഷേ പോലീസ് നായ് വരുന്നതിന് 15 മിനിട്ട് മുമ്പ് ആ മൃതദേഹം അവിടെ നിന്ന് കൊണ്ടുപോയി. സണ്ണിയുടെ വീട്ടിലുള്ള ചോര പുരണ്ട സകല സാധനങ്ങളും പോലീസുകാർ അന്വേഷിക്കാതെ പരിശോധിക്കാതെ അവിടെ നിന്ന് മാറ്റി സണ്ണിയുടെ ജ്യേഷ്ഠന്റെ വീട്ടിലേക്ക് കടത്തിക്കൊണ്ടു പോകാൻ പറഞ്ഞു. ഈ നടപടിയിൽ പൊതുജനങ്ങൾക്ക് സംശയമുണ്ട്. ഈ സണ്ണിയുടെ കൈയിൽ പതിനായിരം രൂപ ഉണ്ടെന്ന് മനസ്സിലാക്കിക്കൊണ്ടാണ് ഈ ആക്രമണം നടന്നത്. പണം തട്ടിയെടുക്കാൻ വേണ്ടിയാണ്. തലേദിവസം ജാക്സൺ എന്ന് പറയുന്ന സണ്ണിയുടെ കൂട്ടുകാരനും ഏതാനും ചിലരും ചേർന്ന് ഒരുമിച്ച്. ഊണു കഴിച്ച് പിരിഞ്ഞവരാണ്. ഈ കൊലപാതകം നാന്നിട്ട് ആ പ്രദേശത്ത് ഈ സ്നേഹിതൻമാരെ കണ്ടിട്ടേയില്ല. വ്യാപകമായ കളവ് അവിടെ നടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം. മുൻ എ. ഐ. സി. സി. മെമ്പർ കെ. സി. പഴനിമലയുടെ ഭാര്യയുടെ കഴുത്തിലെ പത്തുപവന്റെ ചെയിൻ വീടിനകത്ത്, കള്ളൻ കയറി മോഷ്ടിക്കപ്പെട്ടു. ഇന്നേവരെ ഒരു തെളിവും ഇല്ല. അതുപോലെ തന്നെ ഞാൻ രണ്ടുമൂന്നു കാര്യങ്ങൾ പറയാം. ആലത്തൂരും പരിസരത്തും എട്ട് ഒൻപതു മാസമായി വ്യാപകമായ മോഷണം നടക്കുകയാണ്. കാവശ്ശേരിയിൽ കുട്ടന്റെ വീട് കൊള്ളയടിക്കപ്പെട്ടു. നേരത്തെപറഞ്ഞ ശ്രീ. കെ. സി. പഴനിമലയുടെ ഭാര്യയുടെ ചെയിൻ പോയിട്ട് ഇന്നുവരെ ഒരു തുമ്പും പോലീസ് ഉണ്ടാക്കിയിട്ടില്ല. നെല്ലിയാംകുന്നത്ത് മെഡിക്കൽഷോപ്പ് ഉടമ, എം. എസ്. മേനോന്റെ വീട്ടിൽനിന്ന് ഒൻപതുപവന്റെ സ്വർണ്ണാഭരണം കളവുപോയി. ആലത്തൂർ പള്ളിപ്പറമ്പിലെ കരീംറാവുത്തരുടെ വീട്ടിൽനിന്ന് 12 പവന്റെ സ്വർണ്ണാഭരണങ്ങൾ കവർച്ചചെയ്തു. കാവശ്ശേരി ആലങ്ങാട് വീട്ടിൽ ദേവകിയമ്മയുടെ 10 പവന്റെ ആഭരണവും 1000 രൂപയും കളവു ചെയ്തു. ബാങ്ക് റോഡിനടുത്ത് നെടുകുന്നിയിലെ രാമകൃഷ്ണൻ നായരുടെ ഇലക്ട്രിക്കൽ മോട്ടോർ കട്ടുകൊണ്ടുപോയി. കുമ്പളക്കോട് കൃഷ്ണനേറയും അഡ്വക്കേറ്റ് വി. എസ്. ശങ്കരയ്യരുടേയും ഓരോ സൈക്കിൾ കളവുപോയി. പെരുംകുളം അയ്യപ്പക്ഷേത്രത്തിലേയും പുതുക്കുളങ്ങര ക്ഷേത്രത്തിലേയും ഭണ്ഡാരം കുത്തിത്തുറന്നു. ഈ സംഭവങ്ങളെക്കുറിച്ചെല്ലാം അപ്പപ്പോൾ പോലീസിൽ പരാതി കൊടുത്തിട്ട് യാതൊരു നടപടിയും എടുത്തിട്ടില്ല. അവിടെ ആളുകൾക്ക് കിടന്നുറങ്ങാൻ നിവൃത്തിയില്ല. ഒരു അരക്ഷിത ബോധത്തിലാണ് ആ പ്രദേശത്തെ ആളുകൾ. ഈ കളവുകളുടെ അവസാനത്തെ സംഭവമാണ് കരിങ്കയത്തെ വി. ആർ. ടി. എസ്റ്റേറ്റിലെ സണ്ണിയുടെ കൊലപാതകം. ഈ കേസ്സിൽ പോലീസുകാർ നിർജ്ജീവമാണ്. ചില പ്രമാണിമാരാണ് ആ കേസ് തേച്ച്മാച്ച് കളയുന്നതിനു വേണ്ടി പരിശ്രമം നടത്തുന്നത്. അതുകൊണ്ട് ഈ കേസ് തെളിയുകയില്ല. ശക്തമായ നടപടികൾ ഈ കാര്യത്തിൽ എടുക്കണം. പ്രതികളെ അറസ്റ്റ് ചെയ്യണം. കുറ്റക്കാരായ ആളുകളെപിടിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം ചെയ്യുന്നില്ല. ചോദ്യം ചെയ്യുന്നത് വേറെ ചില ആളുകളെയാണ്. അതുകൊണ്ട് ആളുകൾക്ക് അവിടെ ജീവിക്കാൻ പറ്റാത്ത പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ട്. ഒറ്റപ്പെട്ട മലമ്പ്രദേശത്ത് ആളുകൾക്ക് താമസിക്കാൻ കഴിയുകയില്ല. അതുകൊണ്ട് അടിയന്തിരമായി പ്രതികളെ അറസ്റ്റ് ചെയ്യണം. അതിന് പരിഹാരം ഉണ്ടാക്കണം. മൂന്ന് എം. എൽ. എ. മാർ താമസിക്കുന്ന കിഴക്കഞ്ചേരി പഞ്ചായത്തിലാണ് ഇത് നടക്കുന്നത്. ഈ സംഭവസ്ഥലം എന്റെ വീടിന് അടുത്താണ്. അവിടെ ആളുകൾക്ക് വീട്ടിൽ കിടന്നുറങ്ങാൻ നിവൃത്തിയില്ല. രാത്രി പോയി കൊലപ്പെടുത്തുന്നു. ഇതിനു പരിഹാരമുണ്ടാകണം. കുറ്റക്കാരായ പ്രതികളെ ഉടനെ പിടികൂടണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യത്തിന്റെ ഗൗരവസ്വഭാവം മനസ്സിലാക്കിക്കൊണ്ട് തന്നെ അതിനുള്ള നടപടികൾ സ്വീകരിക്കാം. ആ കാര്യത്തിൽ എസ്റ്റേറ്റർ ഉടമസ്ഥനായ സണ്ണിയുടെ കൈവശം റബ്ബർമരം വിറ്റ പണം ഉണ്ടാകുമെന്നുള്ള ധാരണയിൽ ആ പണം കൈവശപ്പെടുത്താൻ ചെന്നു എന്നും ടോർച്ച് ലൈറ്റ് അടിച്ചപ്പോൾ അദ്ദേഹം ഉണർന്നു എന്നും അപ്പോൾ കയ്യിൽ ഉണ്ടായിരുന്ന വെട്ടുകത്തികൊണ്ട് വെട്ടിക്കൊന്നു എന്നുമാണ് റിപ്പോർട്ട്. ഏതായാലും പാലക്കാട് ക്രൈം ഡിറ്റാച്ച്മെന്റ് ആണ് കേസ് അന്വേഷിക്കുന്നത്. അതുസംബന്ധിച്ച് എന്തെങ്കിലും കൂടുതൽ നടപടി ആവശ്യമാണെന്നു വന്നാൽ ക്രൈംബ്രാഞ്ചിനെത്തന്നെ ഏല്പിക്കുന്നതും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. കുറേ മോഷണങ്ങളുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. അതിനെക്കുറിച്ചെല്ലാം ഉടനെ അന്വേഷിച്ച് മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഏതെല്ലാം കേസുകളെക്കുറിച്ച് അന്വേഷിക്കണമെന്ന് എഴുതിത്തന്നാൽ അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് വിരോധമില്ല. മെമ്പർ ഉന്നയിച്ച ഈ കേസിനെ സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) ബ്ലേഡുകമ്പനികളുടെമേൽ നിയന്ത്രണം

ശ്രീ. എം. വി. മാണി: സർ, നമ്മുടെ സംസ്ഥാനത്ത് ബ്ലെയ്ഡ് കമ്പനികൾ എന്നറിയപ്പെടുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ അടിയന്തിരമായി നിയന്ത്രിക്കുന്നതിന് വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് പന്തീരായിരത്തോളം സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഏതാണ്ട് 250 കോടി രൂപ ഈ സ്ഥാപനത്തിൽ ആകർഷണീയമായ രീതിയിൽ പലിശ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുണ്ടെന്നാണ് ഇപ്പോഴത്തെ ഏകദേശ കണക്ക്. നമ്മുടെ സംസ്ഥാനത്ത് പെൻഷൻ പറ്റിയവരും പെണ്ണിനെ കെട്ടിക്കാൻ രൂപയുണ്ടാക്കി വച്ചിരിക്കുന്നവരുമൊക്കെ ഇരുപത്തിയെട്ടും മുപ്പതും, മുപ്പത്തിരണ്ട് ശതമാനവുമൊക്കെ പലിശ കിട്ടുമെന്നുള്ള പരസ്യം കണ്ട് ആ സ്ഥാപനങ്ങളിൽ പണം നക്ഷേപിച്ചിട്ടുണ്ട്. അതിനുശേഷം ഈ പണം വേറെ ദുർവിനിയോഗം ചെയ്തുകൊണ്ടും, എഴുപത്തിരണ്ടും എൺപതും ശതമാനം പലിശയ്ക്ക് വീണ്ടും കൊടുത്തുകൊണ്ടും അവസാനം ഇത് നിക്ഷേപിച്ചവർക്ക് തിരിച്ച് കിട്ടാതെ വരുന്നതുകൊണ്ട് പല കമ്പനികളും ഇന്ന് പൂട്ടി ഉടമസ്ഥർ നാടുവിട്ടിരിക്കുകയാണ്. ജീവിതത്തിൽ ഉണ്ടായിട്ടുള്ള ചെറിയ സമ്പാദ്യ

LIBRARY ARCHIVES Kerala Legislative Assembly